# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1282** **01.07.2015-ൽ മറുപടിക്ക്**

## പി.ഡബ്ല്യൂ.ഡി.റസ്റ്റ് ഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) കൊണ്ടോട്ടി പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) ജലലഭ്യത ഇല്ല എന്നുള്ളതാണ് കൊണ്ടോട്ടി പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിന്റെ ഏറ്റവും വലിയ പോരായ്മ. ഇത് പരിഹരിക്കുന്നതിനായി ഒരു കുഴൽ കിണർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി ഇൻവെർട്ടർ, വി.ഐ.പി. റൂമിൽ എയർ കണ്ടീഷണർ, ടി.വി., ഫർണീച്ചർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും ഉദ്ദേശിക്കുന്നു. |
| (ബി) എയർപോർട്ട്, ഹജ്ജ് ഹൗസ് എന്നിവയ്ക്ക് സമീപമുള്ള പ്രസ്തുത റസ്റ്റ് ഹൗസിന് മുകൾ നില പണിയുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) റസ്റ്റ് ഹൗസിന് മുകൾ നില പണിയുന്നതിനുള്ള 65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കു വേണ്ടി തയ്യാറാക്കി വരുന്നു. ഇതിൽ താഴെപ്പറയുന്നവകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. ഫർണിച്ചർ വാങ്ങൽ - രണ്ടു ലക്ഷം രൂപ<br>2. ഇലക്ട്രിഫിക്കേഷൻ - അഞ്ചു ലക്ഷം രൂപ<br>3. കുഴൽകിണർ & പമ്പ് സെറ്റ് - ഒന്നര ലക്ഷം രൂപ<br>4. ഇലക്ട്രോണിക് ഐറ്റം - മൂന്നര ലക്ഷം രൂപ<br>5. കെട്ടിടത്തിന്റെ മുകൾ നിലയിൽ 5 റൂമുകൾ, ഒരു കോൺഫറൻസ് ഹാൾ എന്നിവ ഉൾകൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ